**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2094** **09-02-2023 - ൽ മറുപടിയ്ക്ക്**

**നരിക്കുനി ഫയർ സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നരിക്കുനി ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതിക്കായി സമർപ്പിച്ച എസ്റ്റിമേറ്റിന്മേൽ ഫയർ ആൻഡ് റെസ്ക്യൂ സർവീസ് മേധാവി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | നരിക്കുനി വില്ലേജിൽ റീ സർവ്വെ നം.60/8 ൽപ്പെട്ട 18 സെന്റ് സ്ഥലത്ത് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ്എഞ്ചിനീയർ ലഭ്യമാക്കിയ 485.40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി ഫയർ ആൻഡ് റെസ്ക്യൂ സർവീസ് മേധാവി സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് മറ്റു പ്രവർത്തികൾക്ക് ഭരണാനുമതി നൽകി കഴിഞ്ഞിരുന്നതിനാൽ പ്രസ്തുത പ്രൊപ്പോസലിൽ അടുത്ത സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷന്റെ അടിസ്ഥാനത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് വകുപ്പ് മേധാവിയെ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | Clause (A) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പ്രസ്തുത ഫയൽ ഇപ്പോൾ എവിടെയാണുള്ളതെന്ന് അറിയിക്കാമോ; ഫയലിന്റെ നമ്പർ ലഭ്യമാക്കാമോ? | (സി) | Clause (A) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ